# ഐനാംസ് നാഗ്പൂർ കോൺഫറൻസ് 2015

***THEME: Joy of the Gospel***

**ജനറൽ സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ**

**മാന്യ മിത്രമേ/സംഘാംഗമേ,**

1) പ്രാർത്ഥനയുടെ പുതുചൈതന്യവുമായി.... മാർത്തോമ്മായുടെ മക്കൾ... തന്നാണ്ടത്തെ സുവിശേഷ സംവേദനങ്ങൾക്ക്, നാഗ്പൂർ സെമിനിരി/**പ്രേരണാമിഷൻ കേന്ദ്രത്തിൽ** വീണ്ടും ഒത്തുചേരുന്ന വിവരം അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് (പ്രസിഡന്റ്) തിരുമേനിയുടെ കല്പനയിലൂടെ അറിഞ്ഞുവല്ലോ? ദൈവഹിതമായാൽ, ഐനാംസിന്റെ 64-ാമത് ദേശീയ സമ്മേളനം ഒക്ടോ. 20, 21, 22, 23 ദിനങ്ങളിൽ STOTSൽ അരങ്ങൊരുങ്ങുകയാണ്. സെമിനാരി ഫാക്കൽറ്റി ഒത്തൊരുമിച്ച് ഈ സമ്മേളനത്തിന്റെ പണിപ്പുരയിലാണ്.

2) സഭയുടെ എല്ലാ പ്രധാന മിഷൻ കേന്ദ്രങ്ങളിലും നാംസ് കോൺഫറൻസുകൾ, ഒരു റൗണ്ട് പൂർത്തിയായി. നാഗ്പൂരിൽ, നാംസ് സമ്മേളനം ഇത് **രണ്ടാമൂഴമാണ്**. പുണ്യശ്ലോകനായ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ 2008ൽ, 47-ാമത് ദേശീയസമ്മേളനം നാഗ്പൂർ സെമിനാരിയിൽ അനുഗ്രഹകരമായി നടന്നത് ഓർമ്മിക്കുമല്ലോ. ഈ സമ്മേളനവും ഒരു വലിയ ആത്മീയ അനുഭവമായിത്തീരട്ടെ.

3) നാംസിന്റെ ശിക്ഷണബോധവും, സാഹോദര്യഭാവവും, സംഘബോധവുമാണ് നമ്മുടെ കോൺഫറൻസുകളെ മികവുറ്റതാക്കുന്നത്. അറിവിൽനിന്നും അനുഭവത്തിലേക്കു വളരുമ്പോഴാണ് നമ്മുടെ ലക്ഷ്യം സാക്ഷാത്കൃതമാകുന്നത്.

4) **സമയനിഷ്ഠ** നാംസിന്റെ മുഖമുദ്രയാണ്. എല്ലാ കാര്യങ്ങളിലും, കോൺഫറൻസ് തുടക്കം മുതൽ ഒടുക്കംവരെ കൃത്യമായി സമയം പാലിക്കണം. കോൺഫറൻസ് വേളകളിൽ മൊബൈലുകൾ **സൈലന്റ് മോഡിൽ** സൂക്ഷിക്കണം. ചാപ്പലിൽ പ്രാർത്ഥനയ്ക്കെത്തുമ്പോഴും, കോൺഫറൻസ് ഹാളിൽ ക്ലാസ്സുകൾക്കെത്തുമ്പോഴും **പാദരക്ഷകൾപോലും** വെളിയിൽ ചിട്ടയായി യഥാസ്ഥാനങ്ങളിൽ വയ്ക്കണം. എല്ലാവരും **വി. ബൈബിളും** കൈയിൽ കരുതിവേണം ക്ലാസുകളിൽ സംബന്ധിക്കുന്നത്.

5) “മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കുവാനാണ്, ശുശ്രൂഷിക്കപ്പെടുവാനല്ല..... നിങ്ങളും അങ്ങനെ തന്നെ..... നിങ്ങളിൽ പ്രധാനി നിങ്ങൾക്ക് ശുശ്രൂഷകനായിരിക്കണം......” ഈ ഗുരുമൊഴി നമ്മുടെ നിനവുകളെ അടക്കിവാണരുളണം. ഇത് നമ്മുടെ കാവൽവചനമാണ്. ഈ മനോഭാവവും ദൃഢനിശ്ചയവും പ്രയത്നവുമാണ് സർവ്വപ്രധാനം. കോൺഫറൻസിന്റെ വിജയം നമ്മുടെ സഹകരണമാണ്.

6) 64-ാമത് കോൺഫറൻസിൽ പങ്കെടുക്കാൻ അഹമ്മദാബാദ്, ബറോഡ, വിശാഖപട്ടണം, പൂന, മുംബൈ, നാസിക്, നാഗ്പൂർ, ഹൈദ്രബാദ്, സെക്കന്തരബാദ്, കോയമ്പത്തൂർ, കേരളം എന്നിവിടങ്ങളിൽനിന്നും 264 അംഗങ്ങൾ കാലേകൂട്ടി ടിക്കറ്റ് റിസർവ് ചെയ്തിട്ടുണ്ട്. കൂടാതെ, രണ്ടു സെമിനാരിയിലെ അദ്ധ്യാപക-വിദ്യാർത്ഥിപ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. 64-ാം സമ്മേളനത്തിന്റെ തീം, പ്രോഗ്രാം, അക്കോമൊഡേഷൻ, ട്രാവൽ ഷെഡ്യൂൾ, മെനു, എല്ലാ വിശദവിവരങ്ങളും സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഭിപ്രായങ്ങൾ അറിയിക്കുമല്ലോ. പ്രാർത്ഥനയോടെ നമുക്ക് യാത്രയ്ക്ക് ഒരുങ്ങാം. (www.inams.pbworks.com).

7) ഐനാംസിന്റെ **പുതിയ അഡ്രസ് ലിസ്റ്റ്**, ഡിസംബറിലെ ക്രിസ്തുമസ് ഏകദിനസെമിനാറിൽ നമുക്ക് പബ്ലീഷ് ചെയ്യണം. അതിനുള്ള ഒരുക്കങ്ങൾ അണിയറയിൽ ആരംഭിച്ചിട്ടുണ്ട്. അതിലേക്കായി നാഗ്പൂർ കോൺഫറൻസിനു വരുമ്പോൾ, എല്ലാ യൂണിറ്റ് സെക്രട്ടറിമാരും അതാത് **യൂണിറ്റംഗങ്ങളുടെ** 1) ഒരു പാസ്പോർട്ട്/ഫാമിലി **ഫോട്ടോ**, 2) **പോസ്റ്റൽ അഡ്രസ്,** 3) ഇമെയിൽ **ഐഡി** & **മൊബൈൽനമ്പർ**, 4) സൈൻ തയ്യാറാക്കി കൊണ്ടുവരണം. റെജിസ്ട്രേഷൻ

കൗണ്ടറിൽ ഈ പുതിയ അഡ്രസ് ലിസ്റ്റ് ഏൽപ്പിക്കണം. ശ്രീ. തോമസ് കോശിയും, തോമസ് പോളുമാണ് ഇതിന്റെ ചുമതല വഹിക്കുന്നത്.

**ഐനാംസ്: സഭയുടെ സുവിശേഷത്തിന്റെ കൂട്ടുവേലക്കാർ:-**

1) മലങ്കരസഭയുടെ സുവിശേഷരംഗത്ത് ഒരു നിറസാന്നിദ്ധ്യമായി, 1984-ൽ അഭി. ഒസ്താത്തിയോസ് തിരുമേനി സ്ഥാപിച്ച, ഒരു അൽമായ സുവിശേഷ കുടുംബകൂട്ടായ്മയാണ് നാംസ്. ആദ്യകാലത്ത് ഇതൊരു സുവിശേഷ പഠനസംഘം ആയിരുന്നു. കാലക്രമത്തിൽ തിരുമേനി അപ്പച്ചന്റെ നിർദ്ദേശപ്രകാരം: "**പഠനത്തോടൊപ്പം പങ്കിടീൽ** (Study & Service) പരിശീലിച്ചു.മിഷൻ പ്രവർത്തനങ്ങളിലും നാംസ് സജീവമായി. ഒരു പുതിയ ലോകത്തിന്റെ (ദൈവരാജ്യ വ്യവസ്ഥിതി) പിറവിയാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ക്രിസ്തു മൂല്യങ്ങളെ ജീവിതത്തോടു ഘടിപ്പിക്കുമ്പോഴാണ് അത് സാധ്യമാകുന്നത്.

2) വിദേശങ്ങളിലും യൂണിറ്റുകൾ ആരംഭിച്ചതോടെ നാംസ് ഒരു **അന്തർദേശീയ** സംഘടനയായി (INAMS). തിരുമേനിയപ്പച്ചന്റെ ഇഷ്ടശിഷ്യർ (മാർ ക്രിസോസ്റ്റമോസ്, മാർ തേവദോറോസ്) തിരുമേനിമാരാണ് ഐനാംസിന്റെ വർത്തമാനകാല സാരഥികൾ. മിഷൻ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സംഘടന സഭയുടെ സുവിശേഷത്തിന്റെ കൂട്ടുവേലക്കാരാണ്.

3) എല്ലാ യൂണിറ്റുകളും പ്രതിമാസയോഗം (Monthly Meet), കൃത്യമായി നടത്തുന്നുണ്ടല്ലോ?

Monthly Meet ൽ ഉപയോഗിക്കാനുള്ള ഒരു **പ്രതിമാസ ധ്യാനകുറിപ്പ്** (12 സുവിശേഷ സന്ദേശങ്ങൾ) കോട്ടയം യൂണിറ്റിലെ ശ്രീ തോമസ് കണ്ണന്താനം തയ്യാറാക്കിയിട്ടുണ്ട്. ഓരോ യൂണിറ്റ് സെക്രട്ടരിമാരും ഓരോ കോപ്പി വാങ്ങാവുന്നതാണ്.

**യാത്രാ ഒരുക്കങ്ങൾ/Travel Schedule**

1) നമ്മുടെ യാത്രാ ടിക്കറ്റിൽ പ്രത്യേകം സൂചിപ്പിച്ചിരിക്കുന്നതുപോലെ ഒക്ടോബർ ഒന്നുമുതൽ **പുതിയ റെയിൽവേ സമയക്രമം** നിലവിൽ വരികയാണ്. പുതുക്കിയ സമയക്രമം താഴെ കൊടുത്തിട്ടുണ്ട്. ഈ സമയമാറ്റംകൂടി ഉൾക്കൊള്ളിച്ച് ഈ പത്രിക അയയ്ക്കാനാണ് ഇതുവരെ കാത്തിരുന്നത്.

2) വിവിധ സംസ്ഥാനങ്ങളിൽനിന്നും കോൺഫറൻസിന് എത്തിച്ചേരുന്നവരുടെ ട്രാവൽ ഷെഡ്യൂൾ നമ്മുടെ സൈറ്റിൽ കൊടുത്തിട്ടുണ്ട്. സമയമാറ്റം ഓരോരുത്തരും പ്രത്യേകം ഉറപ്പാക്കണം. നേരത്തെ സ്റ്റേഷനിൽ എത്തണം. എല്ലാവരും അവരവരുടെ **തിരിച്ചറിയൽ കാർഡ്** (ID Proof) കൈയിൽ കരുതണം.

3) **യാത്രയിൽ നിർബന്ധമായും സ്വർണ്ണാഭരണങ്ങൾ (ഗോൾഡ് കവറിംഗ് പോലും) ധരിക്കരുത്.** കലഹണ്ടി കോൺഫറൻസ് (2011) കഴിഞ്ഞുമടങ്ങുമ്പോൾ, നമ്മിൽ ഒരാളുടെ മാല മോഷണം പോയതു മുതൽ, നാം ഇത് കർശനമായി പാലിക്കുന്നതാണ്.

4) ട്രെയിൻ യാത്രാസമയ(30 മണിക്കൂർ)ത്തേക്കുള്ള **4 ഭക്ഷണപൊതികൾ** അവരവർ കരുതണം. ട്രെയിനിലെ ഭക്ഷണം പ്രശ്നമായാലോ?

5) കഴിഞ്ഞതവണയും കേരളത്തിൽനിന്നുള്ള ക്യാമ്പ് അംഗങ്ങൾ അവരുടെ **യാത്രാവേളയിൽത്തന്നെ കോൺഫറൻസ് രജിസ്ട്രേഷൻ പൂർത്തിയാക്കി**. ഈ മാതൃക എല്ലാ യൂണിറ്റുകളും പാലിച്ചാൽ കൂടുതൽ സമയം നമുക്ക് ലാഭിക്കാൻ കഴിയുമല്ലോ. ഏഴ് ട്രെയിനുകളിലായാണ് നമ്മുടെ യാത്ര - കേരള എക്സ്പ്രസ്, സേവാഗ്രാം എക്സ്പ്രസ്, എ.പി. എക്സ്പ്രസ്, ഹൗറ എക്സ്പ്രസ്, മുംബൈ എക്സ്പ്രസ്, ദക്ഷിൺ എക്സ്പ്രസ്, പൂനാ-മഹാരാഷ്ട്ര എക്സ്പ്രസ്. ഈ ട്രെയിനുകളിൽ യാത്ര ചെയ്യുന്ന യൂണിറ്റ് സെക്രട്ടറിമാർ/ലീഡേഴ്സ് **രജിസ്ട്രേഷനുള്ള പത്രിക തയാറാക്കി കൊണ്ടുവരണം**. രജിസ്ട്രേഷനുള്ള **Model Proforma** സെക്രട്ടറിമാർക്ക് ഈമെയിൽ അയച്ചിട്ടുണ്ട്. (കറക്ഷനുണ്ടെങ്കിൽ ചെയ്യണം.) പത്രിക തയ്യാറാക്കി കൊണ്ടുവന്ന് രജിസ്ട്രേഷൻ യാത്രാ മദ്ധ്യേ പൂർത്തിയാക്കണം.

താഴെ പറയുന്ന സെക്രട്ടറിമാർ/ലീഡേഴ്സ് വിവിധ ട്രെയിനുകളിൽവച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാൻ മേൽനോട്ടം വഹിക്കണം.

| | |
|---|---|
| കോർബ എക്സ്പ്രസ് | - ശ്രീ. തോമസ് കോശി, |
| എ.പി. എക്സ്പ്രസ് | - ശ്രീ. അലക്സ് മാത്യു, |
| മാഹാരാഷ്ട്ര എക്സ്പ്രസ് | - ശ്രീ. മാത്യുസ് ഡി. മാത്യുസ്, |
| ഹൗറ എക്സ്പ്രസ് | - ശ്രീ. നിഷി മാത്യു, |
| വിദർഭാ എക്സ്പ്രസ് | - ശ്രീമതി. ആലീസ് കോശി |
| ദക്ഷിൺ എക്സ്പ്രസ് | - ശ്രീ ജോൺ ഡാനിയേൽ. |

6) Sightseeing -പതിവുപോലെ, റെയിൽവേസ്റ്റേഷനിലേക്കുള്ള നമ്മുടെ മടക്കയാത്രയോട നുബിന്ധിച്ച് ഒരു ചെറിയ സൈറ്റ്സീയിംങ് ഒരുക്കിയിട്ടുണ്ട്.

Visiting Places:- National Council of churches, Ambedkar Centre, Dragon Temple, Gurudwara, Sitha Mandir, Nagpur Church.

വിവധ യൂണിറ്റുകളുടെ മടക്കയാത്രാ സമയം (ട്രെയിൻ സമയം) വ്യത്യസ്തമായതുകൊണ്ട് **രണ്ടു ഗ്രൂപ്പുകളായാണ് സൈറ്റ് സീയിംങ്** ക്രമീകരിച്ചിരിക്കുന്നത്. **ഒന്നാമത്തെ ഗ്രൂപ്പ്** (കേരളത്തിന് വെളിയിൽനിന്നുള്ള യൂണിറ്റുകൾ) 11amന് പുറപ്പെട്ട് 2.30pm ന് നാഗ്പൂർ ചർച്ച് സന്ദർശിച്ച് റെയിൽവേസ്റ്റേഷനിൽ 3 മണിക്ക് എത്തിച്ചേരും. **രണ്ടാമത്തെ ഗ്രൂപ്പ്** (കേരളത്തിലും തമിഴ്നാട്ടിലും ഉള്ളവർ) ഉച്ചഭക്ഷണത്തിനുശേഷം 3 മണിക്ക് യാത്ര പുറപ്പെട്ട്, 7 മണിക്ക് നാഗ്പൂർ ചർച്ച് സന്ദർശിച്ച്, വിശ്രമിച്ച്, റെയിൽവേസ്റ്റേഷനിലേക്ക് യാത്രയാകും.

**ദശാംശം പദ്ധതികൾ** (Tithe Projects)

1) ഐനാംസ് സഭയുടെ സുവിശേഷത്തിന്റെ സഹബദ്ധരാണ്. സഭയുടെ സുവിശേഷപ്രവർത്തനങ്ങളിൽ മിഷൻ ബോർഡിനു കീഴിൽ ഒരു കൈത്താങ്ങായി ഇത് പ്രവർത്തിക്കുന്നു. ഓരോ വർഷത്തിലും മൂന്ന് കോൺഫറൻസുകൾ, നമ്മുടെ സഭയുടെ ഏതെങ്കിലും മൂന്ന് മിഷൻ കേന്ദ്രങ്ങളിൽവെച്ചു നടത്തും. വാർഷിക കോൺഫറൻസിൽ, **പഠിക്കുവാൻ മാത്രമല്ല..... പങ്കിടുവാനും** കൂടി കരുതിയാണ് നാംസ് അംഗങ്ങൾ എത്തുന്നത്. നമ്മുടെ സമയത്തിന്റെ, താലന്തുകളുടെ, സമ്പത്തിന്റെ ദശാംശം ദൈവവേലയ്ക്കായി സമർപ്പിക്കുന്നു. കോൺഫറൻസിൽ സംഘാംഗങ്ങൾ സ്വരൂപിക്കുന്ന ദശാംശം, ഒരു ഭാഗം കോൺഫറൻസ് ചിലവുകൾക്കായി സമ്മേളനം നടക്കുന്ന മിഷൻ കേന്ദ്രത്തിന് സമ്മാനിക്കും. ബാക്കിവരുന്ന തുക പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന, സഭയുടെ പുതിയ മിഷൻ സംരംഭങ്ങൾക്കും നല്കുന്നു. **ആൻഡമാൻസ് മിഷൻ** പ്രൊജക്ടിന് ഐനാംസ് 12 ലക്ഷം രൂപയാണ് സഹായധനം നൽകിയത്.

2) ഇതുകൂടാതെ, അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ കാലത്ത് നാംസ് ആരംഭിച്ച ഒരു നിക്ഷേപ പദ്ധതിയാണ് **MIFMO/JMF**. വരുമാനമുള്ള ഓരോ യൂണിറ്റ് അംഗവും, മാസംപ്രതി, 100 രൂപ മിഷൻ പ്രവർത്തനങ്ങൾക്കായി നിക്ഷേപിക്കണം. MIFMO കരുതൽ ധനമായി സൂക്ഷിക്കുന്നു. MIFMO നിക്ഷേപത്തിൽ നിന്നുമാണ് 3 ലക്ഷം രൂപ, കലഹണ്ടി സെന്ററിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിലേക്കായി നൽകിയതും, ആൻഡമാൻ പ്രോജക്ടിലേക്ക് 7 ലക്ഷം രൂപ നല്കിയതും, ബാംഗ്ലൂർ ദയാഭവന് ആംബുലൻസ് വാങ്ങിക്കൊടുത്തതും, ജനറേറ്ററിനായി 3 ലക്ഷം രൂപ നല്കിയതുമൊക്കെ. എല്ലാ അംഗങ്ങളും MIFMO യിൽ പൂർവ്വാധികം ശുഷ്കാന്തിയോടെ സഹകരിച്ച് ഈ പദ്ധതി വിജയിപ്പിക്കണം.

3) ഇതിനുംപുറമെ, ഓരോ യൂണിറ്റുകളും അവരവരുടെ പ്രദേശങ്ങളിൽ **നിരാലംബരായ സഹോദരങ്ങളെ** കണ്ടെത്തി **ദത്തെടുത്ത് സ്നേഹസഹായങ്ങൾ** എത്തിച്ചുകൊടുക്കുന്നു. മിഷൻ രംഗത്ത് സവിശേഷമായ/വൈവിധ്യമുള്ള **10 പ്രോഗ്രാമുകളാണ്**, ദേശമെമ്പാടും, വിവിധ നാംസ് യൂണിറ്റുകൾ നടപ്പാക്കിവരുന്നത്: 1) അൻപ് 2) പാർപ്പിടം 3) പെൻഷൻ 4) സ്നേഹവെളിച്ചം 5)

ലഹരിവിമുക്തി 6) വിദ്യ 7) സല്ലാപം 8) ദശാംശം 9) മിഷൻ കോൺഫറൻസുകൾ 10) ജൂണിയർ നാംസ്. (അന്യത്ര കാണുക). ഇതുപോലെയുള്ള ഏതെങ്കിലും ഒരു സുവിശേഷ പദ്ധതി ഏറ്റെടുക്കാൻ ഓരോ യൂണിറ്റും ശ്രദ്ധിക്കണം.

4) ഈ കോൺഫറൻസിൽ സംഘാംഗങ്ങൾ കൂടുതൽ ദശാംശവിഹിതവുമായി വന്നെത്തണം. ആഹാരവും പാർപ്പിടവുമൊക്കെ ഈ പ്രദേശത്ത് കൂടുതൽ എക്സ്പെൻസീവാണ്. റെയിൽവേ സ്റ്റേഷനിൽനിന്നും സെമിനാരിയിലേക്കും, റെയിൽവേസ്റ്റേഷനിലേക്ക് മടക്കയാത്രയ്ക്കും, സൈറ്റ് സീയിങ്ങിനും 5 ബസുകൾ വീതം ഏർപ്പാടുചെയ്യണം.

കോൺഫറൻസ് ചിലവിനങ്ങളിലേക്ക്, ആവശ്യപ്പെട്ടതനുസരിച്ച് സെമിനാരി ബാങ്ക് അക്കൗണ്ടിലേക്ക് 1 ലക്ഷം രൂപ അഡ്വാൻസായി അയച്ചുകൊടുത്തിട്ടുണ്ട്.

കോൺഫറൻസ് ചിലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക, ഇപ്രാവശ്യം **അമയന്നൂരിൽ ഭിന്നശേഷിയുള്ളവർക്കായി** മിഷൻബോർഡ് നിർമ്മിക്കുന്ന, പണിതീരാത്ത മിഷൻ കേന്ദ്രത്തിന്, നാംസിന്റെ **സഹായധനമായി** നൽകുവാൻ കഴിയണം.

5) നാഗ്പൂർ സെമിനാരിയിൽനിന്നു ലഭിച്ച **പങ്കുവെക്കലിന്റെ ഒരു പുതിയ പാഠം**/മാതൃക, ഈ കോൺഫറൻസിൽ നമുക്ക് നടപ്പാക്കാൻ ശ്രമിക്കാം. കേരളത്തിൽനിന്നും കോൺഫറൻസിൽ പങ്കെടുക്കുന്ന സൻമനസ്സുള്ള ഒരോ സംഘാംഗവും, നമ്മുടെ നാട്ടിലെ 2 വിഭവങ്ങൾ - ഒരു **നേന്ത്രപ്പഴം**, പൊതിച്ച ഒരു **ചെറുതേങ്ങ** (മറുനാട്ടിൽ ഇതു രണ്ടും ദുർലഭമാണ്/അമൂല്യമാണ്) അവരവരുടെ ബാഗിൽ സൂക്ഷിച്ച് ഒരു ഗിഫ്റ്റായി നാഗ്പൂർ കോൺഫറൻസ് കേന്ദ്രത്തിൽ കൊണ്ടുവരണം. ആദ്യദിവസത്തെ (ഒക്ടോ. 20) അത്താഴത്തിന് വരുമ്പോൾ സെമിനാരിയിൽ മെസ് ഹാളിൽ വച്ചിരിക്കുന്ന 2 കുട്ടകളിൽ അവ യഥാക്രമം നിക്ഷേപിക്കണം. ഒരോ വ്യക്തിയുടെയും ഒരു സ്നേഹ സമ്മാനം - ഷെയറിംങ്.

6) **നാഗ്പൂർ മിഷൻ കേന്ദ്രത്തിലേക്ക് ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് അറിയിച്ചിട്ടുണ്ട്.**

**വിവിധ യൂണിറ്റുകളെ ചുമതലപ്പെടുത്തുന്നു.**

തിരുവനന്തപുരം യൂണിറ്റ്............ ബഡ്ഷീറ്റ്

പത്തനംതിട്ട യൂണിറ്റ്.................... 40 കി. കുത്തരി, മെഴുകുതിരി

കോട്ടയം യൂണിറ്റ്.......................... 40 കി. കുത്തരി, തെങ്ങിൻ തൈകൾ, വിത്തുകൾ

പാമ്പാടി യൂണിറ്റ് .......................... കോടാലി,കൈക്കോടാലി- 2, അരിവാൾ-2, നാടൻ തൂമ്പ -2

തോട്ടയ്ക്കാട് യൂണിറ്റ് ................. കറികത്തി 5 എണ്ണം, പലഹാരം

പരിയാരം യൂണിറ്റ് ........................ കുടംപുളി 1 കി., ചമ്മന്തിപ്പൊടി

കോത്തല യൂണിറ്റ് ........................ കറിക്കത്തി 7 എണ്ണം, പലഹാരം

കോഴഞ്ചേരി യൂണിറ്റ് ................... കുന്തിരിക്കം

പുതുപ്പള്ളി യൂണിറ്റ് ...................... വെട്ടുകത്തി 2 എണ്ണം, പിക്കിൾ

**താമസ സൗകര്യം/** Accomodation

1) കൂടുതൽ യുവജനങ്ങളും, പുതുയൂണിറ്റുകളും നാഗ്പൂർ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. നല്ലില (കൊല്ലം) യൂണിറ്റിൽനിന്നും 13 പേരാണ്, ഡോ. ബോബൻ ഗീവറുഗീസിന്റെ നേതൃത്വത്തിൽ പങ്കെടുക്കുന്നത്. കോഴഞ്ചേരി വഞ്ചിത്തറ യൂണിറ്റിൽനിന്നും 7 പേരുണ്ട്. പുതുപ്പള്ളി യൂണിറ്റിൽനിന്നും 5 പേരാണ് പങ്കെടുക്കുന്നത്. നാഗ്പൂർ, ചന്ദ്രപ്പൂർ യൂണിറ്റുകളിൽനിന്നും അംഗങ്ങൾഉണ്ടാകും. സഭയുടെ 2 സെമിനാരികളിലെ വിദ്യാർത്ഥിപ്രതിനിധികളും അധ്യാപകരും സമ്മേളനത്തിൽ സംബന്ധിക്കുന്നു.

2) സെമിനാരി കാമ്പസിലുള്ള **4 കെട്ടിട സമുച്ചയങ്ങളിലാണ്** നമ്മുടെ താമസം ഒരുക്കിയിരിക്കുന്നത്: 1) ഉപാസന (മൂന്നുനില അതിഥിമന്ദിരം) 2) സെമിനാരി വിംങ് 3) പ്രൊഫസേഴ്സ് ക്വാർട്ടേഴ്സ് 4) പ്രേരണാ മിഷൻ കേന്ദ്രം

പതിവുപോലെ തറയിൽ മെത്തയും തലയണുയും വിരിച്ച്, ലളിതമായ താമസസൗകര്യ മാണ് ഒരുക്കിയിരിക്കുന്നത്. ലഭിച്ചിടത്തോളം കട്ടിലുകൾ, പ്രായപരിഗണനയിലാണ് ക്രമപ്പെടു ത്തിയിരിക്കുന്നത്.

വനിതകൾക്ക് കൂടുതൽ സ്വകാര്യ സൗകര്യങ്ങൾ കരുതി, ഉപാസനയിൽ രണ്ടാം നിലയിൽ 2 ഡോർമെറ്ററികളിലാണ് താമസം ഒരുക്കിയിരിക്കുന്നത്- ലോവർ ബർത്ത് സീനിയേഴ്സിനും, അപ്പർ ബർത്ത് ഇതരർക്കും.

ഈ പരിമിതമായ സൗകര്യങ്ങളിലാണ് നമ്മുടെ പ്രസിഡന്റ് തിരുമേനിയും, റമ്പാച്ചന്മാരും, 15 പുരോഹിത ശ്രേഷ്ഠരും, 4 കന്യാസ്ത്രീകളും സന്തോഷത്തോടെ സഹവസിക്കുന്നത് എന്നത് നാം വിസ്മരിക്കരുത്.

3) ഓരോരുത്തരുടെ പേരും താമസ ഇടവും, അവരവരുടെ താമസ മുറിക്കുമുന്നിലും, പ്രവേ ശന കവാടത്തിലുള്ള സൈൻ ബോർഡിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൃത്യമായി ബോദ്ധ്യപ്പെട്ട് അതത് ഇടങ്ങളിൽ വസിക്കണം. ഓരോ മുറിയിലും പരമാവധി താമസക്കാരുണ്ട്. അതുകൊണ്ട് ചെറിയ മാറ്റങ്ങൾ പോലും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. വന്നെത്തുന്ന ആദ്യ ദിവസം (ഒക്ടോ. 20) ലഭിച്ചിരിക്കുന്ന ഇടത്തിൽത്തന്നെ താമസിക്കണം. മാറ്റങ്ങൾ എന്തെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ, അത് പരസ്പരം നിശ്ചയിച്ച്, ബോദ്ധ്യപ്പെടുത്തി പിറ്റേദിവസം മുതലേ പ്രതീക്ഷിക്കാവൂ.

4) അക്കോമഡേഷൻ ലിസ്റ്റിൽ പേര് വിട്ടുപോയവർ(പുരുഷന്മാർ) **ഉപാസന** First Floor H2-ൽ താമസിക്കണം. സ്ത്രീകൾ **ഉപാസന** Second Floor Room 104, 105-ൽ താമസിക്കണം

5) അക്കോമഡേഷനിൽ സഹായത്തിനായി ഓരോ മുറിയിലും ഐനാംസ് ലീഡേഴ്സിനേയും സെമിനാരി പ്രതിനിധികളെയും പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. അവരുടെ ഫോൺനമ്പറും ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്.

യാത്ര, താമസസൗകര്യങ്ങൾ, മെനു സംബന്ധിച്ച സംശയങ്ങൾക്ക് ശ്രീ. തോമസ് കോശിയെ (09447300900), തോമസ് പോൾ(9447257080)നെ വിളിക്കുക. പ്രാഗ്രാം, മറ്റു വിഷയങ്ങൾക്ക് ശ്രീ പി. കെ. കുര്യനെ വിളിക്കുക (9447174131) വിശദവിവരങ്ങൾക്ക് ഐനാംസ് സൈറ്റ് സന്ദർശിക്കുക.

കോൺഫറൻസ് മെനു (ഭക്ഷണക്രമം) സൈറ്റിൽ കൊടുത്തിട്ടുണ്ട്. ഇക്കുറി കോൺഫറൻസ് നടത്തിപ്പന് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. സെമിനാരി സ്ക്വാഡുകളാണ് അതു നിർവ്വഹിക്കുന്നത്.

**അനുമോദന സമ്മേളനം**

1) ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളിൽ, പ്രസിഡന്റ് അഭിവന്ദ്യ ഡോ. യൂഹാനോൻ മോർ ക്രിസോസ്റ്റമോസ് തിരുമേനിയുടെ നേതൃത്വത്തിൽ സഭയുടെ മിഷൻ രംഗത്ത് ശ്രദ്ധേയമായ പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞു. എത്ര പുതിയ മിഷൻ പദ്ധതികളാണ് സഭയ്ക്കും രാഷ്ട്ര ത്തിനും സമർപ്പിച്ചുകഴിഞ്ഞത്. ആലപ്പുഴ (വണ്ടാനം) മാർ ഗ്രിഗോറിയോസ് കാരുണ്യതീരം, ചെങ്ങന്നൂർ പാണ്ടനാട് ശാന്തിതീരം, ആൻഡമാൻസിൽ ഫിലിപ്പ് റമ്പാച്ചന്റെ നേതൃത്വത്തിൽ ആരം ഭിച്ച മിഷൻ കേന്ദ്രം. ചെങ്ങന്നൂർ (തട്ടേക്കാട്) പണിയാരംഭിച്ച വൃദ്ധസദനം, കോട്ടയത്ത് അമയ ന്നൂരിൽ ഭിന്നശേഷിയുള്ളവികലാംഗർക്കായി പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന മിഷൻ കേന്ദ്രം (നാഗ്പൂർ കോൺഫറൻസിൽ അധികം ലഭിക്കുന്ന ദശാംശതുക ഈ കേന്ദ്രത്തിന്റെ പണി പൂർത്തി യാക്കാൻ ഐനാംസിന്റെ സഹായധനമായി നമുക്കു നല്കാം.). ഉത്തരാഖണ്ഡിൽ പ്രകൃതിദുരന്ത ത്തിൽ തകർന്നടിഞ്ഞ ഗ്രാമങ്ങളിലൊന്നായ ഗാവണിയിൽ 33 ഭവനങ്ങളുടെ പുനർനിർമ്മാണം പൂർത്തിയാക്കി അവരെ പുനരധിവസിപ്പിച്ചുകഴിഞ്ഞു. സഭയുടെ മിഷന്റെ ഒരു പൂക്കാലമാണ് ഇത്. ഐനാംസിന്റെ അഭിനന്ദനങ്ങൾ.

2) സഭയുടെ മിഷൻ രംഗത്തെ സേവനങ്ങളെ പ്രകീർത്തിച്ച് 3 പുരസ്കാരങ്ങളാണ്, അടു ത്തയിടയ്ക്ക് വന്ദ്യ ഫിലിപ്പ് റമ്പാച്ചനെ തേടിയെത്തിയത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന എയ്ഡ്സ് രോഗികൾക്ക് സഭയുടെ വകയായി ഒരു പാർപ്പിടം ഒരുക്കാനുള്ള തീക്ഷണ ശ്രമത്തിലാണദ്ദേഹം.

3) നടപ്പുവർഷം ഐനാംസിന്റെ ഒരു പുണ്യകാലമായിരുന്നു. തിരുമേനിയപ്പച്ചന്റെ ഇഷ്ടശിഷ്യരും നാംസ് സാരഥികളുമായ ഒട്ടേറെപ്പേർക്ക് പുരസ്കാരങ്ങളും പുതിയ ചുമതലകളും ലഭിച്ചു. റവ. ഫാ. ഡോ. ഒ. തോമസച്ചൻ, കോട്ടയം സെമിനാരി പ്രിൻസിപ്പലായി. റവ. ഡോ. റെജി മാത്യു അച്ചൻ ഒവിബിഎസ് ഡയറക്ടറായി. റവ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിന് ഡോക്ടറേറ്റ് ബിരുദം അവാർഡ് ചെയ്തു. അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ ശ്രേഷ്ഠശിഷ്യരും ഐനാംസിന്റെ അഭിമാനഭാജനങ്ങളുമായ ഇവരോരുത്തർക്കും നമ്മുടെ അനുമോദനങ്ങൾ.

4) സഭ ഏറ്റെടുത്ത ഉത്തരാഖണ്ഡ് ദുരന്തനിവാരണപദ്ധതി, കാലേകൂട്ടി പണി പൂർത്തിയാക്കി രാഷ്ട്രത്തിനു സമർപ്പിച്ച് മുക്തകണ്ഠം പ്രശംസയ്ക്ക് മിഷൻ ബോർഡ് പാത്രമായി. ഇതിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു ചുക്കാൻപിടിച്ച ശ്രീ. മത്തായിക്കുട്ടി സാർ (കൊട്ടാരക്കര ഐനാംസ് കോ ഓർഡിനേറ്റർ) അനുമോദനം അർഹിക്കുന്നു.

5) അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ അന്തിമനാളുകളിലെ ആഹ്വാനപ്രകാരം, ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നാംസ് യൂണിറ്റുകൾ മുന്നേറുന്നത് സെക്രട്ടറിമാരുടെ റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കിയല്ലോ. ഈ രംഗത്ത് സവിശേഷമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ഏതാനും യൂണിറ്റുകളിലെ സെക്രട്ടറിമാർ പ്രശംസ അർഹിക്കുന്നു.

തിരുവനന്തപുരം യൂണിറ്റ് MDRC യുമായി കൈകോർത്ത് 250 ഭവനങ്ങൾ ദത്തെടുത്ത് വൈദ്യസഹായവും വിദ്യാഭ്യാസ സഹായവും നൽകുന്നു. MDRC യുടെ ഭാരവാഹികളിൽ ബഹുഭൂരിപക്ഷവും ഐനാംസ് അംഗങ്ങളാണ് ശ്രീ. തോമസ് വർഗ്ഗീസ് സെക്രട്ടറിയായി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നു.

പത്തനംതിട്ട യൂണിറ്റ് നിർദ്ധനരായ 7 കുടുംബങ്ങളെ ദത്തെടുത്ത് 3000 രൂപ വീതം പ്രതിമാസം പെൻഷൻ നൽകുന്നു. നമ്മുടെ കോൺഫറൻസുകളിലെല്ലാം യൂണിറ്റ് പ്രസിഡന്റ് റവ. ഫാ. തോമസ് ചാക്കോ അച്ചന്റെ സാന്നിദ്ധ്യവുമുണ്ട്.

കോട്ടയം യൂണിറ്റ്, സഭയുടെ, കോട്ടയം ബാലഭവൻ മിഷൻ കേന്ദ്രത്തിൽ, ഒന്നരലക്ഷം രൂപ മുടക്കി 5 ടോയ്‌ലറ്റുകൾ നിർമ്മിച്ച് സമർപ്പിച്ചത് ഈ വർഷമാണ്. 3 നേഴ്സിങ് വിദ്യാർത്ഥികളെ ദത്തെടുത്ത് അവരുടെ പൂർണ്ണമായ വിദ്യാഭ്യാസ ചിലവുകൾ ഏർപ്പാടാക്കി, 2 നിർധന പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിലേക്കായി ഓരോ ലക്ഷം രൂപ വീതം സഹായധനമായി ഏർപ്പാടാക്കി, നിർധനയായ ഒരു വിധവയ്ക്ക് വീടുവച്ച്, ഡിസംബർ സമ്മേളനത്തിൽ താക്കോൽദാനം നടത്തി. ഓരോ മാസവും 3-ാം തിയതിക്കുമുമ്പ്, 48 നിർധന കുടുംബങ്ങൾക്ക് ഭക്ഷണസാമഗ്രികളടങ്ങുന്ന കിറ്റ് വിതരണം ചെയ്യുന്നു. ഈ കർമ്മങ്ങളെല്ലാം ഏകോപിപ്പിച്ചത് കോട്ടയം നാംസ് യൂണിറ്റിന്റെ സെക്രട്ടറി പ്രൊഫ. ടി.എം. മാത്യു ആണ്.

പതിവുപോലെ കോൺഫറൻസിന്റെ Choir ഒരുക്കുന്നത് അഹമ്മദാബാദ് യൂണിറ്റ്, ശ്രീമതി ജയാ കോശിയുടെ നേതൃത്വത്തിലാണ്. അഹമ്മദാബാദ് യൂണിറ്റിൽനിന്ന് 40 പേരാണ് യാത്രാടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ളത്. കഴിഞ്ഞവർഷം ഈ യൂണിറ്റ് ഒരു മേഖലാസമ്മേളനം അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ ഗംഭീരമായി സംഘടിപ്പിക്കുകയുണ്ടായി. യൂണിറ്റ് സെക്രട്ടറി ശ്രീ. നിഷി ജോർജ് ശങ്കരത്തിൽ അനുമോദനം അർഹിക്കുന്നു.

ഈദൃശ പ്രവർത്തനങ്ങളുമായി മുന്നേറുന്ന എല്ലാ യൂണിറ്റ് സെക്രട്ടറിമാർക്കും അനുമോദനങ്ങൾ.

ക്രിസ്തുനാമത്തിൽ നമുക്ക് ഒത്തുചേരാം....

ക്രിയാത്മകതയുടെ ഒരു കൂട്ടായ്മയായി നമുക്ക് വളരാം....

സുവിശേഷത്തിനായി നമുക്ക് പുനർസമർപ്പിക്കാം.....

www.inams.pbworks.com